**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1317** **08-12-2022 - ൽ മറുപടിയ്ക്ക്**

**മൂടിയില്ലാത്ത കാനകൾ മൂടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുനിരത്തുകളോട് ചേർന്നുളള കാനകളിൽ നിർബന്ധമായും മൂടി വേണമെന്നത് കാൽനടക്കാരുടെ അവകാശമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ നിർബന്ധമായും മൂടി വേണ്ടതാണ്. ആയത് കാൽനടക്കാരുടെ സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണ്. |
| (ബി) | മൂടിയില്ലാത്ത കാനകളും പൊട്ടിത്തകർന്ന മൂടികളും അപകടങ്ങൾ വരുത്തി വെയ്ക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | ഓടകളും പൊട്ടിത്തകർന്ന മൂടികളും യഥാസമയം പരിശോധന നടത്തി സമയ ബന്ധിതമായി വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. പൊതു നിരത്തുകൾ അപകട രഹിതവും ജന സൗഹൃദവുമാക്കാൻ വേണ്ടി ഏട്ട്പാത്തുകളും മുന്നറിയിപ്പ് ബോർഡുകളും ദിശാ സൂചന ബോർഡുകളും ആവശ്യമായ റോഡ് മാർക്കിംഗുകളും, Zebra Crossing കൾ, Roads Stud കൾ എന്നിവ നൽകാറുണ്ട്.<br><br>പൊതുനിരത്തുകൾ അപകട രഹിതവും ജനസൗഹൃദവുമായി മാറ്റാനുള്ള നടപടികൾ സ്വീകരിക്കുവാനായി എല്ലാ നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (സി) | പൊതുനിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമായി മാറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഓടകളും പൊട്ടിത്തകർന്ന മൂടികളും യഥാസമയം പരിശോധന നടത്തി സമയ ബന്ധിതമായി വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. പൊതു നിരത്തുകൾ അപകട രഹിതവും ജന സൗഹൃദവുമാക്കാൻ വേണ്ടി ഏട്ട്പാത്തുകളും മുന്നറിയിപ്പ് ബോർഡുകളും ദിശാ സൂചന ബോർഡുകളും ആവശ്യമായ റോഡ് മാർക്കിംഗുകളും, Zebra Crossing കൾ, Roads Stud കൾ എന്നിവ നൽകാറുണ്ട്.<br><br>പൊതുനിരത്തുകൾ അപകട രഹിതവും ജനസൗഹൃദവുമായി മാറ്റാനുള്ള നടപടികൾ സ്വീകരിക്കുവാനായി എല്ലാ നിരത്ത് വിഭാഗം |

| | | | |
|---|---|---|---|
| | | | സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ